# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2174 — 05.12.2018 - ൽ മറുപടിക്ക്

## സീമെറ്റിന് കീഴിലുള്ള കോളേജുകളിലെ ജീവനക്കാർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം.സ്വരാജ്** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
| എ) | സീമെറ്റിന് കീഴിലുള്ള കോളേജുകളിലെ റഗുലർ പേ സ്കെയിലിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ; ഏത് തീയതി മുതലാണ് ഇത് നടപ്പിലാക്കിയത് എന്ന് അറിയിക്കാമോ; | എ) | സിമെറ്റ് ഡയറക്ടറേറ്റിലും സിമെറ്റ് നഴ്സിംഗ് കോളേജുകളിലും പേ സ്കെയിലിൽ ജോലി ചെയ്യുന്ന 19 അനദ്ധ്യാപക ജീവനക്കാർക്ക് സ.ഉ(കൈ) നം.119/2018/ആ.ക.വ തീയതി. 28.06.2018 പ്രകാരം പത്താം ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. ശമ്പള പരിഷ്കരണത്തിന്റെ പ്രാബല്യ തീയതി 01.07.2014 ലും പ്രതിമാസ അലവൻസുകളുടെ പ്രാബല്യ തീയതി 01.02.2016 ഉം ആണ്. |
| ബി) | കരാർ/ദിവസവേതന ജീവനക്കാർക്കായി അനുവദിക്കുന്ന വേതനം നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം വേതനം അനുവദിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ; | ബി) & സി) | ഇതുവരെ അനുവദിച്ചിട്ടില്ല. 27.07.2018 ന് കൂടിയ സിമെറ്റിന്റെ 18-ാമത് ഗവേണിംഗ് ബോഡിയിൽ പ്രസ്തുത വിഷയം പരിഗണിക്കുകയും ഇതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിലേക്ക് അയയ്ക്കുവാൻ തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട്. |
| സി) | ഇത് സംബന്ധിച്ച് സീമെറ്റ് ഗവേണിങ്ങ് ബോഡി തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് നടപ്പിലാക്കിയിട്ടുണ്ടോ: | | |
| ഡി) | ഇതു സംബന്ധിച്ച് സീമെറ്റ് എംപ്ലോയീസ് യൂണിയൻ നിവേദനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | ഡി) | ഉണ്ട്. സിമെറ്റിന്റെ 18-ാമത് ഗവേണിംഗ് ബോഡിയിൽ പ്രസ്തുത വിഷയം പരിഗണിക്കുകയും ഇതു സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിലേക്ക് അയയ്ക്കുവാൻ തീരുമാനം എടുക്കുകയും ചെയ്തിട്ടുണ്ട്. |

Milan

സെക്ഷൻ ഓഫീസർ